## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6155** **09-07-2024 - ൽ മറുപടിയ്ക്ക്**

## കേരള ബാങ്കിന് ബാധകമായ നിയന്ത്രണങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സഹകരണ ബാങ്ക് കേരള ബാങ്ക് ആയി മാറിയതിനുശേഷം റിസർവ് ബാങ്കിന്റെ, മുൻപ് ബാധകം അല്ലാതിരുന്ന എന്തൊക്കെ നിയന്ത്രണങ്ങളും നിർദേശങ്ങളുമാണ് ബാധകമായതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാന സഹകരണ ബാങ്കും, ജില്ലാ സഹകരണ ബാങ്കുകളും കേരള സംസ്ഥാന സഹകരണ ബാങ്ക് ആയി ലയിക്കുന്നതിന് മുൻപും റിസർവ് ബാങ്ക് നിയന്ത്രണത്തിലായിരുന്നു. എന്നാൽ സംസ്ഥാന സഹകരണ ബാങ്ക് ഷെഡ്യൂൾഡ് ബാങ്കായാണ് പ്രവർത്തിച്ചിരുന്നത്. മുൻപ് സംസ്ഥാന സഹകരണ ബാങ്കിന് ശാഖകൾ ആരംഭിക്കുന്നതിനും മാറ്റി സ്ഥാപിക്കുന്നതിനും റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമായിരുന്നു. ജില്ലാ സഹകരണ ബാങ്കുകൾ റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമില്ലാത്തതിനാൽ സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടെ ശാഖ ആരംഭിക്കുകയും മാറ്റി സ്ഥാപിക്കുകയും ചെയ്തിരുന്നു. എന്നാൽ 11-08-2022 ലെ സർക്കുലർ മുഖേന ജില്ലാ സഹകരണ ബാങ്കുകൾക്കും ഈ നിയന്ത്രണങ്ങൾ ബാധകമാക്കി |
| (ബി) | റിസർവ് ബാങ്കിന്റെ പ്രസ്തുത നിയന്ത്രണങ്ങൾ സംസ്ഥാന സഹകരണ ബാങ്ക് ആയി പ്രവർത്തിച്ചിരുന്നപ്പോൾ നൽകിയിരുന്ന ഏതൊക്കെ സേവനങ്ങളെ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ? | (ബി) | സംസ്ഥാന സഹകരണ ബാങ്ക് ലയനത്തിന് മുമ്പും ഷെഡ്യൂൾഡ് ബാങ്കായിരുന്നു. റിസർവ് ബാങ്ക് നിയന്ത്രണത്തിലുള്ള ബാങ്കുകൾക്ക് ബാങ്കിംഗ് മറ്റു ബിസിനസ്സ് നടത്തുന്നതിന് നിയന്ത്രണങ്ങളുണ്ട്. ലയനം മുഖേന ഇടപാടുകാർക്കുള്ള സേവനങ്ങൾ പരിമിതപ്പെടുത്തുകയോ ഇല്ലാതാക്കുകയോ ചെയ്തിട്ടില്ല. ലയനംശേഷം നിക്ഷേപ-വായ്പാ പദ്ധതികൾ ഏകീകരിച്ച് പരിഷ്കരിക്കുകയും വിവിധ ചാർജ്ജുകൾ കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. മൊബൈൽ ബാങ്കിംഗ് ഇടപാടുകൾ ഉൾപ്പെടെ വിവിധ സേവനങ്ങൾ സൗജന്യമാണ്. |

സെക്ഷൻ ഓഫീസർ